*നം. ഇ.എക്സ്-എ(1)/25000/2019/സി.ജി.ഇ*

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 20/01/2020.

## <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം- പൊതുപരീക്ഷകൾ-എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2020 - സാമൂഹ്യശാസ്ത്രം പരീക്ഷ- ചോദ്യപേപ്പർ ഘടനയിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കുന്നത് -സംബന്ധിച്ച്.

സൂചന:- എസ്.സി.ഇ. ആർ.ടി. ഡയറക്ടറുടെ 09/01/2020 തീയതിയിലെ Prog.I/2082/2019/SCERT നമ്പർ കത്ത്.

.........

2020 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി. സാമൂഹ്യശാസ്ത്രം പരീക്ഷയുടെ ചോദ്യപേപ്പർ ഘടനയിൽ വരുത്തിയ മാറ്റങ്ങൾ സൂചന പ്രകാരം എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഈ കാര്യാലയത്തിൽ അറിയിച്ചിട്ടുണ്ട്. 2020 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതുന്ന മുഴുവൻ കുട്ടികൾക്കും (മലയാളം/ഇംഗ്ലീഷ്/തമിഴ്/കന്നട മാധ്യമങ്ങൾ), സാമൂഹ്യശാസ്ത്ര വിഷയം പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും ഈ വിവരം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി വിശദാംശങ്ങൾ ഇതോടൊപ്പം ഉൾച്ചേർത്ത് നൽകുന്നു.

വിശ്വസ്തതയോടെ,

**ജോയിന്റ് കമ്മീഷണർ**

1. ജില്ലാവിദ്യാഭ്യാസ ആഫീസർമാർ
2. എഡ്യൂക്കേഷൻ ആഫീസർ, ലക്ഷദ്വീപ്
3. വിദ്യാഭ്യാസ ഉപഡയറക്ടർമാർ

പകർപ്പ് :

1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ (ക്യൂ.ഐ.പി.), പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം. (ആമുഖകത്ത് മുഖേന)
2. സിസ്റ്റം മാനേജർ (iExaMS മുഖേന പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
3. എ6- സെക്ഷൻ
3. കരുതൽ ഫയൽ

# എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2020 :
# സാമൂഹ്യശാസ്ത്ര പരീക്ഷയിലെ ക്രമീകരണങ്ങൾ

2020 മാർച്ചിൽ നടക്കാനിരിക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയിൽ ഉള്ളടക്കഭാരവും കുട്ടികളുടെ പരീക്ഷാസമ്മർദ്ദവും ലഘൂകരിക്കുന്നതിനായി സാമൂഹ്യശാസ്ത്ര ചോദ്യപേപ്പറിൽ ചില ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്.

സാമൂഹ്യശാസ്ത്രപരീക്ഷ ചോദ്യപ്പേപ്പറിൽ **എ, ബി** എന്നിങ്ങനെ രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കും. രണ്ട് ഭാഗങ്ങൾക്കും 40 വീതം സ്കോറുകളാണ് നൽകിയിരിക്കുന്നത്. എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും നിർബന്ധമായും ഉത്തരമെഴുതേണ്ടതാണ്. **ബി** വിഭാഗത്തിലുള്ള ചോദ്യങ്ങളിൽ നിന്ന് നിശ്ചിത എണ്ണം തിരഞ്ഞെടുത്ത് ഉത്തരം എഴുതുന്നതിന് അവസരം ലഭിക്കും.

സാമൂഹ്യശാസ്ത്രത്തിന് രണ്ട് പാഠപുസ്തകങ്ങളാണ് നിർദ്ദേശിച്ചിരുക്കുന്നത്. സാമൂഹ്യശാസ്ത്രം - I ലും സാമൂഹ്യശാസ്ത്രം - II ലും 40 സ്കോർ വീതമുള്ള ചോദ്യപേപ്പറിൽ 'എ' 'ബി' എന്നിങ്ങനെ രണ്ട് പാർട്ടുകൾ ഉണ്ട്. പാർട്ട് - 'എ' യിൽ 20 സ്കോറും പാർട്ട് - 'ബി' യിൽ 20 സ്കോറുമാണുള്ളത്. നിർബന്ധമായും ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് പാർട്ട് - 'എ' യിൽ നൽകിയിട്ടുള്ളത്. തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകളിൽ നിന്നുള്ള ചോദ്യങ്ങളാണ് പാർട്ട് - 'ബി' യിൽ ഉള്ളത്. ഇതിലൂടെ പഠനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന പാഠഭാഗങ്ങളിൽ നിന്ന് ആറ് അധ്യായങ്ങൾ ഒഴിവാക്കി പരീക്ഷാ തയാറെടുപ്പ് നടത്തുവാൻ കുട്ടികൾക്ക് കഴിയും. (വിശദാംശങ്ങൾ എസ്.സി.ഇ.ആർ.ടി വെബ്സൈറ്റിൽ ലഭ്യമാണ് (www.scertkerala.gov.in))

**യൂണിറ്റ് വിശദാംശങ്ങൾ**

**പാർട്ട് എ - 40 സ്കോർ (പരീക്ഷയ്ക്ക് നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)**

**സാമൂഹ്യശാസ്ത്രം - I**

1. ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും
2. സമരവും സ്വാതന്ത്ര്യവും
3. കേരളം ആധുനികതയിലേക്ക്
4. പൊതുഭരണം
5. സമൂഹശാസ്ത്രം എന്ത്? എന്തിന്?

**സാമൂഹ്യശാസ്ത്രം - II**

1. വൈവിധ്യങ്ങളുടെ ഇന്ത്യ
2. ഇന്ത്യ-സാമ്പത്തിക ഭൂമിശാസ്ത്രം
3. പൊതുചെലവും പൊതുവരുമാനവും
4. ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും

**പാർട്ട് ബി – 40 സ്കോർ (പരീക്ഷയ്ക്ക് തിരഞ്ഞെടുത്ത് പഠിക്കാവുന്ന യൂണിറ്റുകൾ)**

**സാമൂഹ്യശാസ്ത്രം – I**

1 ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

അല്ലെങ്കിൽ

ലോകം ഇരുപതാംനൂറ്റാണ്ടിൽ

2 സംസ്കാരവും ദേശീയതയും

അല്ലെങ്കിൽ

സ്വാതന്ത്ര്യാനന്തര ഇന്ത്യ

3 രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

അല്ലെങ്കിൽ

പൗരബോധം

**സാമൂഹ്യശാസ്ത്രം – II**

1 ഋതുഭേദങ്ങളും സമയവും

അല്ലെങ്കിൽ

കാറ്റിന്റെ ഉറവിടം തേടി

2 ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും

അല്ലെങ്കിൽ

ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ

3 മാനവവിഭവശേഷി വികസനം ഇന്ത്യയിൽ

അല്ലെങ്കിൽ

ഉപഭോക്താവ് : സംതൃപ്തിയും സംരക്ഷണവും

**അധ്യായങ്ങളുടെ സ്കോർ വിശദാംശങ്ങൾ താഴെ ചേർക്കുന്നു**

## സാമൂഹ്യശാസ്ത്രം - I

**പാർട്ട് എ – 20 സ്കോർ (നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | അധ്യായം | വിഷയം | സ്കോർ |
|---|---|---|---|
| 1 | ബ്രിട്ടീഷ് ചൂഷണവും ചെറുത്ത് നിൽപ്പുകളും | ചരിത്രം | 4 |
| 2 | കേരളം ആധുനികതയിലേക്ക് | ചരിത്രം | 4 |
| 3 | സമരവും സ്വാതന്ത്ര്യവും | ചരിത്രം | 5 |
| 4 | പൊതുഭരണം | രാഷ്ട്രതന്ത്രശാസ്ത്രം | 4 |
| 5 | സമൂഹശാസ്ത്രം എന്ത് എന്തിന് | സമൂഹശാസ്ത്രം | 3 |
| | | | 20 |

**പാർട്ട് ബി – 20 സ്കോർ (തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ<br>or<br>ലോകം ഇരുപതാം നൂറ്റാണ്ടിൽ | ചരിത്രം | 6 |
| 2 | സ്വാതന്ത്ര്യാനന്തര ഇന്ത്യ<br>or<br>സംസ്കാരവും ദേശീയതയും | ചരിത്രം | 6 |
| 3 | രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും<br>or<br>പൗരബോധം | രാഷ്ട്രതന്ത്ര ശാസ്ത്രം | 8 |
| | | | 20 |

## സാമൂഹ്യശാസ്ത്രം – II

**പാർട്ട് എ – 20 സ്കോർ (നിർബന്ധമായും പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | വൈവിധ്യങ്ങളുടെ ഇന്ത്യ | ഭൂമിശാസ്ത്രം | 7 |
| 2 | ഇന്ത്യ-സാമ്പത്തിക ഭൂമിശാസ്ത്രം | ഭൂമിശാസ്ത്രം | 5 |
| 3 | പൊതുചെലവും പൊതുവരുമാനവും | സാമ്പത്തികശാസ്ത്രം | 4 |
| 4 | ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും | സാമ്പത്തികശാസ്ത്രം | 4 |
| | | | 20 |

**പാർട്ട് ബി – 20 സ്കോർ (തിരഞ്ഞെടുത്ത് പഠിക്കേണ്ട യൂണിറ്റുകൾ)**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | ഋതുഭേദങ്ങളും സമയവും<br>or<br>കാറ്റിന്റെ ഉറവിടം തേടി | ഭൂമിശാസ്ത്രം | 8 |
| 2 | ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും<br>or<br>ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ | ഭൂമിശാസ്ത്രം | 4 |
| 3 | മാനവവിഭവശേഷി വികസനം ഇന്ത്യയിൽ<br>or<br>ഉപഭോക്താവ് – സംതൃപ്തിയും സംരക്ഷണവും | സാമ്പത്തിക ശാസ്ത്രം | 8 |
| | ആകെ | | 20 |